# വിശ്വാസിനിയുടെ സഹന ശീലം

**നവാൽ ബിൻത് അബ്ദില്ല**

വിവർത്തനം: കബീർ എം. പറളി

**വി**പത്സന്ധികളിൽ ജീവിതത്തിൽ ഇരുട്ടു പോലെ പറന്നെത്തുമ്പോഴും സങ്കീർണ്ണമായ പ്രശ്നങ്ങളും പ്രതിസന്ധികളും നാലുപാടും നിന്നാക്രമിക്കുമ്പോഴും മനസുറച്ച സത്യവിശ്വാസിനിയുടെ നില ധീരമായിരിക്കും.

ഇസ്ലാമിലേക്കു വരുന്നതിനു മുമ്പ് സഹോദരൻ 'സഖ്റി'ന്റെ വേർപാടിൽ തപ്തമനസ്കയായ് വിലപിച്ചു പാടി നടന്ന ഒരു കവയിത്രി: ഖൻസഃ (റ). ഇസ്ലാമിന്റെ സുഗന്ധവും ഈമാനിന്റെ സൈ്ഥര്യവും മനസിൽ ചേക്കേറിയപ്പോൾ അവരുടെ മുന്നവസ്ഥയിൽ അത്ഭുതകരമായ മാറ്റമുണ്ടായി. ക്ഷമ, തികഞ്ഞ ക്ഷമയിലേക്കവർ മാറി. എത്രവരെ, ഐഹിക വിഭവങ്ങളിലുത്തമമായ തന്റെ നാലു മക്കൾ ഖാദിസിയ്യഃ രണാങ്കണത്തിൽ രക്തസാക്ഷികളായി വീണപ്പോൾ ആ മഹതി അസാമാന്യമായ ധൈര്യമാണു കാട്ടിയത്. തന്റെ നാലു കരൾക്കഷ്ണങ്ങൾ! ജീവിതത്തിന്റെ ആലംബങ്ങൾ! മുമ്പ് 'സഖ്റി'നെക്കുറിച്ചോർത്തു കരഞ്ഞ കണ്ണുകൾ അപ്പോഴുമവർക്കുണ്ട്: പക്ഷെ, അവർ കരഞ്ഞില്ല, പ്രാർത്ഥിച്ചു:

“മക്കളുടെ രക്തസാക്ഷിത്വത്തിലൂടെ എനിക്കു മാന്യത നൽകിയ നാഥാ, നിനക്കു സ്തുതി. ഇനിയെന്റെ ആഗ്രഹം നാളെ സ്വർഗത്തിൽ നിന്റെയനുഗ്രഹത്തിൻ കീഴിൽ ഞങ്ങളെ നീ ഒരുമിച്ചു കൂട്ടുക മാത്രം.!”(1)

സഹനത്തിന്റെ മറ്റൊരു മാതൃകയാണ് ഉമ്മുസുലൈം (റ). അബൂ ത്വൽഹഃ (റ)യുടെ ഭാര്യ. ഭർത്താവ് പള്ളിയിലേക്ക് പോയ സമയത്താണ് അവരുടെ കുഞ്ഞിനെ അല്ലാഹു തിരിച്ചെടുത്തത്. ഒരു മാതാവിന്റെ സർവ്വ നിയന്ത്രണങ്ങളും വിടുന്ന സമയം. പക്ഷെ, അവർ അബലയായില്ല. മാറത്തടിച്ച് നിലവിളിച്ചില്ല. മരിച്ച കുഞ്ഞിന്റെ ജനാസ അവർ തന്നെ കുളിപ്പിച്ച് ഒരു മുറിയിൽ കിടത്തി.

അബൂ ത്വൽഹഃ (റ) തിരിച്ചു വന്നു, കുളിച്ചൊരുങ്ങി, നല്ല വസ്ത്രങ്ങളിണിഞ്ഞു തന്നെയാണ് ഉമ്മു സുലൈം ഭർത്താവിനെ എതിരേറ്റത്. എങ്കിലും തങ്ങളുടെ പൊന്നോമനയുടെ മരണ വാർത്ത അവരദ്ദേഹത്തെ അറിയിച്ചില്ല. മകനെ ചോദിച്ചപ്പോൾ ഉറങ്ങുന്നു എന്നു മാത്രം പറഞ്ഞു.

ആ രാത്രി അവർ നന്നായിത്തന്നെ കഴിച്ചു കൂട്ടി. രാവിനൊടുവിൽ ഭർത്താവിനോട് ഉമ്മു സുലൈം ചോദിച്ചു:

“അല്ല, ഇന്ന കുടുംബത്തിന്റെ കഥയറിഞ്ഞോ? ഒരു വസ്തു അവർ കടം വാങ്ങി. അതിന്റെ ഉടമയതു തിരിച്ചു ചോദിക്കുമ്പോൾ തിരിച്ചു കൊടുക്കുന്നില്ല.”

“ഛെ, അതു നീതിയല്ലല്ലൊ” അബൂ ത്വൽഹ പ്രതിവചിച്ചു.

“എങ്കിൽ, നമ്മളും അല്ലാഹുവിൽ നിന്നൊരു കടം വാങ്ങിയിട്ടുണ്ടല്ലൊ, നമ്മുടെ മോൻ. അവനതു തിരിച്ചു വാങ്ങിയിരിക്കുന്നു.”

ഉമ്മു സുലൈം സംഭവം വിവരിച്ചു.

“ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ” അദ്ദേഹം 'ഇസ്തിർജാഅ്' ചൊല്ലിക്കൊണ്ടു പറഞ്ഞു: “ഉമ്മു സുലൈം, ക്ഷമയിൽ നീ എന്നെയും കവച്ചു വെച്ചു.”

മകന്റെ കബറടക്കം കഴിഞ്ഞെത്തിയ അബൂ ത്വൽഹയോട് പ്രവാചകൻ (സ) പറഞ്ഞു: “അബൂത്വൽഹഃ, നിങ്ങളുടെ കഴിഞ്ഞ രാത്രി എത്ര അനുഗ്രഹീതമായിത്തീർന്നിരിക്കുന്നു.” പ്രസ്തുത സംഭവം പ്രവാചകൻ (സ) വഹ്യിലൂടെ അറിയുകയായിരുന്നു.

ആ രാത്രിയാണ് ഉമ്മു സുലൈം അബ്ദുല്ലയെ ഗർഭം ധരിച്ചത്. അൻസാറുകളിൽ അതിശ്രേഷ്ഠനായി വളർന്നു വന്ന യുവാവ്. അദ്ദേഹത്തിന് പിൽകാലത്ത് പത്തു മക്കളുണ്ടായിരുന്നു: ഖുർആൻ മനഃപാഠമാക്കിയ പത്തു മക്കൾ! (2)

സഹോദരികളെ, ഇതു ക്ഷമയാണ്. സഹനം. വിപത്ഘട്ടങ്ങളിൽ ഇങ്ങനെ ക്ഷമിക്കാൻ ഉമ്മു സുലൈമിനെപ്പോലുള്ള വിശ്വാസിനികൾക്കേ, കഴിയൂ. അവരെക്കുറിച്ച് പ്രവാചകൻ (സ) പറഞ്ഞു: "ഞാൻ സ്വർഗത്തിൽ പ്രവേശിച്ചു. എനിക്കു മുമ്പിലൊരു കാർപെരുമാറ്റ ശബ്ദം. അത് റുമൈസ ബിൻത് മുലിഹാ(ഉമ്മുസുലൈം)യുടേതായിരുന്നു."(3)

ഉഹദ് യുദ്ധത്തിൽ 'അസദുല്ലാഹി' ഹംസ (റ) വധിക്കപ്പെട്ടു. ശത്രുക്കൾ അദ്ദേഹത്തിന്റെ മൃതശരീരത്തെ അറുത്തു വികൃതമാക്കി. കരൾ പറിച്ചെടുത്ത് ചവച്ചു തുപ്പി. പ്രവാചകനെ ഏറെ വേദനിപ്പിച്ച ഘോരസംഭവമായിരുന്നു അത്.

ആ സമയം സ്വസഹോദരന്റെ മൃതശരീരം ഒരു നോക്കു കാണാൻ റസൂലിന്റെ അമ്മായി സ്വഫിയ്യ (റ) അങ്ങോട്ടു വന്നു. കരൾ തകർക്കുന്ന ആ രംഗം കാണാതിരിക്കാൻ അവരുടെ മകൻ സുബൈർ ഉമ്മയെ തടഞ്ഞു നിർത്തി.

അവർ പറഞ്ഞു: "നിങ്ങളെന്നെ തടയുന്നതെന്തിന്? എന്റെ സഹോദരനെ അവർ വെട്ടി വികൃതമാക്കിയിട്ടുണ്ട് എന്നെനിക്കറിയാം. അല്ലാഹുവിന്റെ മാർഗത്തിലാണത്. പിന്നെന്തു കൊണ്ട് എനിക്കതിൽ ക്ഷമിച്ചു കൂടാ? ഇൻശാ അല്ലാഹ്, എനിക്കു വിലപിക്കാനാവില്ല"

തുടർന്ന് അവർ ഹംസ (റ)യുടെ മുഖം കണ്ടു. അദ്ദേഹത്തിനു വേണ്ടി നമസ്കരിച്ചു. പാപമോചനത്തിനായി മനസറിഞ്ഞു പ്രാർത്ഥിച്ചു.

പിടിച്ചു നിൽക്കാനാവില്ലെന്നു കരുതുന്ന സന്നിഗ്ദ ഘട്ടങ്ങളിൽ സ്വയംസഹകളായിത്തീർന്ന എത്രയോ മഹതികളുണ്ട് ഇനിയും ചരിത്രത്തിൽ. ഇത് സ്വിലത്ത് ബ്ൻ ഉഷൈമി(റ)ന്റെ ഭാര്യ മുആദഃ അൽ അദ്വിയ്യ(റ). ഐഹിക വിരക്തയും, ആരാധനാനിമഗ്നയുമായിരുന്ന വിശ്വാസിനി. ഒരു യുദ്ധത്തിൽ തന്റെ ഭർത്താവും മകനും രക്തസാക്ഷികളായിത്തീർന്നു. വാർത്തയറിഞ്ഞ് തന്നെ ആശ്വസിപ്പിക്കാനെത്തിയ കൂട്ടുകാരികളോട് മുആദഃ പറഞ്ഞു: "എന്നെ അഭിനന്ദിക്കാനാണ് വരുന്നതെങ്കിൽ കൂട്ടുകാരികളേ, നിങ്ങൾക്കു സ്വാഗതം. ആശ്വസിപ്പിക്കാനാണെങ്കിൽ നിങ്ങൾക്കു തിരിച്ചു പോകാം!"

പ്രിയ ഭർത്താവിൻേറയും പൊന്നു പുത്രൻേറയും മരണത്തിൽ മാറത്തടിച്ചു നിലവിളിക്കാതെ, ഹൃദയ നൊമ്പരത്താൽ അട്ടഹസിക്കാതെ, അവരുടെ രക്തസ്വക്ഷിത്വത്തിൽ സന്തോഷം കൊണ്ട മുആദാ... നിങ്ങളേപ്പോലുള്ള സ്ത്രീ രത്നങ്ങളാലാണ് മുസ്ലിം ഉമ്മത്തിന്റെ ഉയർച്ചയും, അവരുടെ ആഭിജാത്യവും.

മരണപ്പെട്ട ഭർത്താവിനെ സ്വന്തം കൈകൊണ്ട് കുളിപ്പിച്ച്, കഫൻ ചെയ്ത് കബറടക്കാൻ കൊടുത്തയച്ച, അബ്ദുല്ലാഹിബ്നു ഫറജിന്റെ ഭാര്യയും ചരിത്രത്തിൽ നിറഞ്ഞു നിൽപ്പുണ്ട്. അങ്ങനെ ദൈവമാർഗത്തിൽ ക്ഷമ കൈക്കൊണ്ടവർ എത്രയാണ്. ഈമാനിന്റെ നിറക്കുടങ്ങൾ! ഏതു പരീക്ഷണങ്ങളേയും നേരിടാൻ കരളുറപ്പ് നേടിയ വിശ്വാസിനികൾ!! അവരിൽ അല്ലാഹുവിന്റെ കരുണയുണ്ടാവട്ടെ.

-----------------------------------------------------

1. ഔദത്തുൽ ഹിജാബ്, വാ.31, പേ. 267
2. ബുഖാരി,മുസ്ലിം
3. ബുഖാരി, മുസ്ലിം